# പാമ്പുകൾക്കൊരു കൂട്ടുകാരൻ, രക്ഷകനും

രാജു. വി. വർക്കി

മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോൾ തുടങ്ങിയതാണ് കുഞ്ഞുമോൻ പാമ്പുകളുമായുള്ള പരിചയപ്പെടൽ. നീർക്കോലികളെ കടുക്കിട്ട് പിടിച്ച് പ്രദർശിപ്പിച്ച് വീട്ടുകാരെയും സുഹൃത്തുക്കളെയും പേടിപ്പിച്ചിരുന്നത് ബാല്യത്തിന്റെ വികൃതി, വിവരമില്ലായ്മ.

വളർന്നപ്പോഴും കുഞ്ഞുമോൻ പാമ്പുകളുമായുള്ള സഹവാസം നിർത്തിയില്ല. ഏഷ്യയിലെ ഏറ്റവും വലിയ പക്ഷി സങ്കേതങ്ങളിലൊന്നായ തട്ടേക്കാട് സലിം അലി പക്ഷി സങ്കേതത്തിലെ സ്നേക്ക് പാർക്കിന്റെ ചുമതലക്കാരനാണിപ്പോൾ കുഞ്ഞുമോൻ. വനം വകുപ്പിലെ വാച്ചറാണ് കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ആനക്കയം സ്വദേശിയായ കുഞ്ഞുമോൻ എന്നറിയപ്പെടുന്ന പി. ഇ. ജോസഫ്.



കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ നാലു രാജവെമ്പാലകളെയാണ് കുഞ്ഞുമോൻ ജീവനോടെ പിടികൂടിയത്. ഏഴു രാജവെമ്പാലകളെ ജീവനോടെ പിടികൂടിയതിന്റെ പേരിലാണ് ജർമ്മൻകാരനായ റോമുലസ് വിറ്റേക്കർ ഗിന്നസ് ബുക്കിൽ ഇടം പിടിച്ചതെന്ന കാര്യം ഈ അവസരത്തിൽ ഓർക്കുക.

കുട്ടമ്പുഴ പഞ്ചായത്തിലെ സത്രപ്പടി നാലുസെന്റ് കോളനിയിൽ കണ്ട പതിനാറ് അടിനീളമുള്ള രാജവെമ്പാലയാണ് കുഞ്ഞുമോൻ ആദ്യം പിടികൂടിയത്. മുറിവേറ്റതിനാൽ പിന്നീട് ഇത് ചത്തു. പഴക്കാളി ഏലിയാസ് എന്ന വ്യക്തിയുടെ പറമ്പിൽ നിന്നും പിടിച്ചെടുത്ത രണ്ടാമത്തെ രാജവെമ്പാലയെ കാട്ടിലേക്ക് തിരിച്ചുവിട്ടു. ഉരുളൻതണ്ണിയ്ക്ക് സമീപമുള്ള കോച്ചേരി തങ്കച്ചന്റെ തൊടിയിൽനിന്നും പിടിച്ച 12 അടി നീളമുള്ള 'റോസ് മേരി'യെന്ന് പിന്നീട് പേര് കൊടുത്ത പെൺ രാജവെമ്പാലയെ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ സംരക്ഷിച്ചിട്ടുണ്ട്.

ഉരുളൻ തണ്ണിയ്ക്ക് സമീപമുള്ള തകിടി തോമസിന്റെ വീടിന്റെ മച്ചിനുമുകളിൽ കയറിപ്പറ്റിയ വേറൊരു പെൺരാജവെമ്പാലയെ സലിം അലി പക്ഷി സങ്കേതത്തിലെ കാട്ടിലേക്ക് തിരിച്ചുവിട്ടു.

കുട്ടമ്പുഴ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പാമ്പുശല്യത്തിന് ആശ്വാസമാകുകയാണ് കുഞ്ഞുമോൻ. പാമ്പുകളെപ്പറ്റി കൂടുതൽ പഠിക്കാൻ ഉത്സുകനാണ്. ബ്രസീലിലെ 'അനാക്കോണ്ട'യെ മെരുക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് കുഞ്ഞുമോൻ!